**"ഭരണഭാഷ-മാതൃഭാഷ"**

Azadi Ka Amrit Mahotsav

**കേരള സർക്കാർ**

നം. (1359719) ഭരണം.എ 3/87/2019-ധന

ധനകാര്യ (ഭരണം.എ) വകുപ്പ്
തിരുവനന്തപുരം
തീയതി: 29.11.2022

**<u>നോട്ടീസ്</u>**

ശ്രീ അരുൺകിഷോർ ബി.എസ്, അസിസ്റ്റന്റ്, ധനകാര്യ വകുപ്പ് എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, ധനകാര്യ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കവേ ചട്ടങ്ങൾക്ക് വിരുദ്ധമായി അനധികൃതമായി അവധിയിൽ തുടരുന്ന താങ്കൾക്കെതിരെ അച്ചടക്കനടപടി കൈക്കൊള്ളുന്നതിലേക്ക് 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന താങ്കളുടെ എതിർവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചു കൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കാരണം കാണിക്കൽ നോട്ടീസ്, 08.01.2013 തീയതിയിലെ 34547/ Admn.A2/12/Fin നമ്പർ പ്രകാരം ഏറ്റവും ഒടുവിൽ അറിയാവുന്ന താങ്കളുടെ മേൽ വിലാസത്തിൽ അയച്ചിരുന്നു. എന്നാൽ ആയതിന് മറുപടിയൊന്നും ലഭ്യമാക്കിയിരുന്നില്ല. തുടർന്ന് താങ്കൾക്കെതിരെ KCS(CCA) Rule 15 പ്രകാരമുള്ള ഔപചാരികാന്വേഷണ വിചാരണ നടത്തുന്നതിന്റെ ഭാഗമായി 04.05.2022 ലും 21.05.2022 -ലും ഹാജരാകുവാൻ അവസാനം അറിയപ്പെടുന്ന മേൽ വിലാസത്തിൽ രജിസ്റ്റേഡ് തപാലിൽ കത്ത് നൽകിയെങ്കിലും താങ്കൾ ഹാജരായിരുന്നില്ല. അതിനാൽ, ഈ നോട്ടീസ് കൈപ്പറ്റുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ എതിർവാദപത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്തപക്ഷം താങ്കൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിച്ച് കൊണ്ട് KCS (CC & A) Rules പ്രകാരം താങ്കളെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കുറ്റാരോപണങ്ങളുടെ

സ്റ്റേറ്റ്മെന്റ് സഹിതമുള്ള കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്ക് മുമ്പ് ധനകാര്യ (ഭരണം.എ) വകുപ്പിൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ താങ്കളുടെ മേൽവിലാസം നൽകിക്കൊണ്ട് താങ്കൾ നൽകുന്ന അപേക്ഷയിന്മേലോ താങ്കൾക്ക് വാങ്ങാവുന്നതാണ്.

**ബിശ്വനാഥ് സിൻഹ**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

ശ്രീ. അരുൺകിഷോർ ബി എസ്
നാരായണമംഗലം
അറയ്ക്കൽ
പെരുമണ്ണൂർ പി ഒ
വാളകം വഴി, കൊട്ടാരക്കര
കൊല്ലം - 691545

11/22